**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2518** **21-01-2021 - ൽ മറുപടിയ്ക്ക്**

**ഫിലമെന്റ് രഹിത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | ഫിലമെന്റ് രഹിത കേരളം പദ്ധതി വിശദീകരിക്കാമോ; | (എ) | ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറച്ച് കൊണ്ടുവരുന്നതിനോടൊപ്പം ഊർജ്ജ ക്ഷമത കൂടിയ എൽ.ഇ.ഡി ബൾബുകൾ ഉപയോഗിച്ച കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവനം ചെയ്യുന്ന പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 13,29,249 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജനുവരി 2021-ൽ വിതരണം തുടങ്ങി 31.03.2021-ൽ പൂർത്തിയാകും. പദ്ധതിയുടെ ഭാഗമായി ഒരു കോടി എൽ.ഇ.ഡി ബൾബുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയും ഗുണമേന്മയുമുള്ള എൽ.ഇ.ഡി ബൾബുകളും, ട്യൂബുകളും മിതമായ നിരക്കിൽ ഗാർഹിക ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം വെച്ച് ഫിലമെന്റ് രഹിത കേരളം പദ്ധതി ഊർജ്ജ കേരള മിഷനു കീഴിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. ഒരു ഗാർഹിക ഉപഭോക്താവിന് 20 ബൾബുകൾ നൽകുന്നതിന് ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ രണ്ടാം ഘട്ടമായി എൽ.ഇ. ഡി ട്യൂബുകൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. ഊർജ്ജ കേരള മിഷന്റെ ഭാഗമായ ഫിലമെന്റ് രഹിത കേരളം പദ്ധതിയിലൂടെ കേരളത്തിലെ ഗാർഹിക ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മ കൂടിയ 9വാട്ട്സിന്റെ എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. |
| (ബി) | ആവശ്യമായ മുന്നൊരുക്കങ്ങളില്ലാതെയാണ് പദ്ധതി ആരംഭിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ബഹു. ചെയർമാൻ & മാനേജിങ് ഡയറക്ടർ KSEBL 2020 ഡിസംബർ മാസം 18 നു വിതരണ വിഭാഗത്തിലെ ഉന്നതോദ്യോഗസ്ഥരുടെ യോഗം വിളിച്ചിരുന്നു. ഇതോടൊപ്പം തന്നെ ഈ വിഷയത്തിൽ, വൈദ്യുതി വകുപ്പ് മന്ത്രി 2020 |

| | | | |
|---|---|---|---|
| | | | ഡിസംബർ മാസം 23 ന തൊഴിലാളി സംഘടനകളുമായും ചർച്ച നടത്തുകയും പ്രസ്തുത യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് LED ബൾബുകളുടെ വിതരണം കാര്യക്ഷമമായി നടത്തുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ LED ബൾബുകളുടെ വിതരണം സുഗമമായി നടപ്പിലാക്കുവാൻ എല്ലാ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് തലത്തിലും അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർമാരേയും ജീവനക്കാരുടെ സംഘടനാ പ്രതിനിധികളെയും കൂടി ചേർത്തു കൊണ്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | മതിയായ ജീവനക്കാരില്ലാതെ പദ്ധതി നടപ്പാക്കുന്നതിൽ ജീവനക്കാരുടെ പ്രതിഷേധം സർക്കാർ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ബഹു. ചെയർമാൻ & മാനേജിങ് ഡയറക്ടർ KSEBL 2020 ഡിസംബർ മാസം 18 ന വിതരണ വിഭാഗത്തിലെ ഉന്നതോദ്യോഗസ്ഥ രുടെ യോഗം വിളിച്ചിരുന്നു. ഇതോടൊപ്പം തന്നെ ഈ വിഷയത്തിൽ, വൈദ്യുതി വകുപ്പ് മന്ത്രി 2020 ഡിസംബർ മാസം 23 ന തൊഴിലാളി സംഘടനകളുമായും ചർച്ച നടത്തുകയും പ്രസ്തുത യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് LED ബൾബുകളുടെ വിതരണം കാര്യക്ഷമമായി നടത്തുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ LED ബൾബുകളുടെ വിതരണം സുഗമമായി നടപ്പിലാക്കുവാൻ എല്ലാ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് തലത്തിലും അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർമാരേയും ജീവനക്കാരുടെ സംഘടനാ പ്രതിനിധികളെയും കൂടി ചേർത്തു കൊണ്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ വീടുകളിൽ നേരിട്ടെത്തി വിതരണം ചെയ്യണമെന്ന നിർദേശം പിൻവലിച്ചും ആവശ്യമായ ജീവനക്കാരെ നിയമിച്ചും ആശങ്കകൾ പരിഹരിച്ചും പദ്ധതി നടപ്പാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ബഹു. ചെയർമാൻ & മാനേജിങ് ഡയറക്ടർ KSEBL 2020 ഡിസംബർ മാസം 18 ന വിതരണ വിഭാഗത്തിലെ ഉന്നതോദ്യോഗസ്ഥ രുടെ യോഗം വിളിച്ചിരുന്നു. ഇതോടൊപ്പം തന്നെ ഈ വിഷയത്തിൽ, വൈദ്യുതി വകുപ്പ് മന്ത്രി 2020 ഡിസംബർ മാസം 23 ന തൊഴിലാളി സംഘടനകളുമായും ചർച്ച നടത്തുകയും പ്രസ്തുത യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് LED ബൾബുകളുടെ വിതരണം കാര്യക്ഷമമായി നടത്തുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ LED ബൾബുകളുടെ വിതരണം സുഗമമായി നടപ്പിലാക്കുവാൻ എല്ലാ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് തലത്തിലും അസിസ്റ്റന്റ് എക്സിക്യൂട്ടിവ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർമാരേയും ജീവനക്കാരുടെ സംഘടനാ പ്രതിനിധികളെയും കൂടി ചേർത്തു കൊണ്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ